# ചലച്ചിത്ര സൗന്ദര്യശാസ്ത്രം സങ്കല്പവും സാക്ഷാത്ക്കാരവും



എഡിറ്റർ

ഡോ. എ. ഷീലാകുമാരി

മലയാള വിഭാഗം
ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല
പന്മന ക്യാമ്പസ്, കൊല്ലം

Chalachitra Saudarya Sastram
Sankalpavum Sakshathkaravum
(Seminar Papers on Cinema)

Editor
Dr. A. Sheela Kumari

Publisher
Registrar
Sreesankaracharya University of Sanskrit
Kalady-683574

Published by
Department of Malayalam
Sreesankaracharya University of Sanskrit
Panmana Campus, Kollam, Kerala-691583

First impression : 2019 January

Type setting & Layout : Krishna Vellayittambalam

Printing : Sujilee Printers, Chathannoor

ISBN-978-93-88888-02-8

Price : Rs.250/-
Copy right reserved

# ചലച്ചിത്രസൗന്ദര്യശാസ്ത്രം
# സങ്കല്പവും സാക്ഷാത്ക്കാരവും

എഡിറ്റർ
**ഡോ. എ. ഷീലാകുമാരി**

മലയാള വിഭാഗം
ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല
പന്മന ക്യാമ്പസ്, കൊല്ലം

## ഉള്ളടക്കം


| | |
|---|---|
| • നവഉദാരീകരണ കാലത്തെ സിനിമയുടെ സൗന്ദര്യവും രാഷ്ട്രീയവും | ഡോ. മീന. ടി. പിള്ള |
| • ഏട്ടിലെ പശു തിരശ്ശീലയിൽ മേയുമ്പോൾ | വിനു എബ്രഹാം |
| • സ്റ്റോറി ബോർഡ്: കലയും കൗശലവും | ഡോ. വത്സലൻ വാതുശ്ശേരി |
| • സിനിമയുടെ ഡിജിറ്റൽ വർത്തമാനം | ഡോ.സി.എസ്.വെങ്കിടേശ്വരൻ |
| • മലയാള സിനിമയിലെ സ്ത്രീപ്രതിനിധാനം | ഡോപി.എസ്. രാധാകൃഷ്ണൻ |
| • സിനിമയും സാഹിത്യവും: പാരസ്പര്യത്തിന്റെ പ്രശ്നങ്ങൾ | ഡോ. ദേവീപ്രസാദ് |
| • പിതൃബന്ധങ്ങളുടെ ആവിഷ്ക്കാരം മലയാള സിനിമയിൽ (മൺറോതുരുത്തിനെ ആസ്പദമാക്കി ഒരു പഠനം) | ഡോ. ജിതേഷ്. ടി |
| • മാറുന്ന മലയാള ചലച്ചിത്രം | ഡോ.ടി.കെ. സന്തോഷ്കുമാർ |
| • പത്മരാജന്റെ പെണ്ണ് : സ്വത്വം - വികാരം - വിനിമയം | ഡോ.സജിത് ഏവൂരത്ത് |
| • പഴയ ചുറ്റുപാടിന്റെ മധുരങ്ങൾ | ഡോ. സുരേഷ് മാധവ് |
| • നവസിനിമയുടെ രാഷ്ട്രീയപാഠങ്ങൾ | അധീശ്.യു |
| • കാലത്തിന്റെ വർത്തമാനം സിനിമയിൽ | ഡോ. അർച്ചന ഹരികുമാർ |
| • ആമി: സാഹിത്യം ജീവിതം സിനിമ | ഡോ. താര. എസ്.എസ്. |
| • മലയാളഫാന്റസി സിനിമകളിലെ കാർബണിക സാന്നിധ്യം | ഡോ. സൗമ്യാദാസ് |
| • നവഇടതു പ്രമേയ സിനിമകൾ : ആവിഷ്ക്കാരവും പ്രത്യയശാസ്ത്രവും | ശ്യാംരാജ്. ആർ |
| • സംസ്കൃത സിനിമ - ചരിത്രവും ആവിഷ്ക്കാരവും | സിന്ധു. സി.എസ്. |
| • കാരുണ്യത്തിന്റെ പെരുമഴക്കാലം | ഡോ. കവിതാരാജ്. എൻ |
| • ദലിത് പ്രത്യയശാസ്ത്രം 'ആക്രോശിൽ | ദിവ്യ. വി.എൽ |
| • മലയാള സിനിമയിലെ പുതുസഞ്ചാരങ്ങൾ | ദിപിൻരാജ്. കെ.പി. |
| • ഭാഷണാത്മകതയുടെ രാഷ്ട്രീയം മലയാള വെള്ളിത്തിരയിൽ | രാഖി. പി.ആർ |
| • സിനിമയുടെ രാഷ്ട്രീയം | ഷിജോ വിത്സൺ |

# നവസിനിമയുടെ രാഷ്ട്രീയപാഠങ്ങൾ

അധീശ്.യു.

സിനിമ എന്ന മാധ്യമം ഒരു ഘടനയാണ്. ഘടനയിലൂടെ രൂപപ്പെടുന്ന, ഉരുത്തിരിയുന്ന വസ്തുതകൾക്ക് ബഹുമുഖത്വമുണ്ട്. നാം എങ്ങനെ പരിചരിക്കുന്നു എന്നതിനെ ആശ്രയിച്ചാണ് സിനിമ എന്ന മാധ്യമം നമ്മോട് സംവദിക്കുന്നത്; അറിവ് പങ്കുവെക്കുന്നത്. ഇവിടെ അറിവ് എന്ന വാക്ക് പ്രശ്നവൽക്കരിക്കപ്പെട്ട ഒന്നാണ്. ഒരറിവും നിഷ്ക്കളങ്കമോ സ്വാഭാവികമോ അല്ല എന്ന തിരിച്ചറിവ് നമ്മുടെ പാരായണങ്ങളെയും/അനുഭൂത്യാത്മകമായ ആസ്വാദനത്തെയും പരിമിതപ്പെടുത്തുന്നുണ്ട്. എല്ലാത്തരം വായനയുടെയും വ്യാഖ്യാനങ്ങളുടെയും അന്തിമ ചക്രവാളം ചരിത്രപരതയുടേതാണ്. ഈ ചരിത്രപരത രാഷ്ട്രീയബദ്ധവുമാണ്. എന്തിനെയും നാം അളക്കുന്നത് ഈ ചരിത്രാത്മകമായ കാഴ്ചവട്ടങ്ങളിലൂടെയാണ്.

കല എന്ന വാക്കിന്റെ അർത്ഥം ആനന്ദത്തെ കൊണ്ടുവരുന്നത് എന്നാണ് (കം ലാദി ഇതി കല). വളരെ ജനപ്രിയവും ജനകീയവുമായ വിനോദമാധ്യമം എന്ന നിലയിലും ആശയവിനിമയോപാധി എന്ന തലത്തിലും സിനിമ എത്രയോ പതിറ്റാണ്ടുകളായി അതിന്റെ ചലനാത്മകമായ സാന്നിദ്ധ്യം അറിയിക്കുന്നുണ്ട്. രണ്ടായിരത്തിനു ശേഷമിറങ്ങിയ മലയാളത്തിലെ ജനപ്രിയസിനിമകളുടെ രാഷ്ട്രീയം അന്വേഷിക്കുകയാണ് ഈ പ്രബന്ധം.

ജനപ്രിയകല (Popular art) വിപുലമായ അർത്ഥത്തിൽ സമൂഹത്തിലെ മിക്കവാറും എല്ലാ മേഖലകളും ഉൾപ്പെടുന്ന ജനപ്രിയസംസ്കാരത്തിന്റെ ഭാഗം തന്നെയാണ്. ജനപ്രിയ/ജനകീയ/ആൾക്കൂട്ട/കച്ചവട കലക്ക് സ്വീകാര്യത നേടുന്നതിന് അടിസ്ഥാനമായ രാഷ്ട്രീയ കാരണങ്ങളാണ് ഇവിടെ അന്വേഷിക്കുന്നത്. രാഷ്ട്രീയം (Politics) എന്ന സംജ്ഞ അധികാരശാസ്ത്രം എന്ന തലത്തിലാണ് ഇവിടെ ഉപയോഗിക്കുന്നത്. ജനപ്രിയ ചലച്ചിത്രങ്ങളുടെ രാഷ്ട്രീയ വിശകലനത്തിനുള്ള സൈദ്ധാന്തിക അടിത്തറയായി ലക്കാനിയൻ മനഃശാസ്ത്രം ഉപയോഗിക്കുന്നു.

2013 ൽ പുറത്തിറങ്ങിയ 'ദൃശ്യം', 2015 ൽ പുറത്തിറങ്ങിയ 'പ്രേമം' എന്നീ ചലച്ചിത്രങ്ങളാണ് ഇവിടെ പഠനവിധേയമാക്കുന്നത്. ജിത്തു ജോസഫ്